പതിനഞ്ചാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി

# (2021-2023)

## എട്ടാമത് റിപ്പോർട്ട്

(2022 ജൂലൈ 14-ാം തീയതി സഭയിൽ സമർപ്പിച്ചത്)

2018-ലെ മലയാള ഭാഷാപഠന ചട്ടങ്ങളുടെ (എസ്.ആർ.ഒ. നമ്പർ 366/2018) സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ട്

850/2022.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം (എസ്.ആർ.ഒ. നമ്പർ 366/2018) | .. | 8 |

## സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2021-2023)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. എം. എം. മണി, എം. എൽ. എ.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. യു. ജനീഷ് കുമാർ, എം. എൽ. എ.

ശ്രീ. യു. എ. ലത്തീഫ്, എം. എൽ. എ.

ഡോ. മാത്യു കുഴൽനാടൻ, എം. എൽ. എ.

ശ്രീ. എം. മുകേഷ്, എം. എൽ. എ.

ശ്രീ. സി. സി. മുകുന്ദൻ, എം. എൽ. എ.

ശ്രീ. വി. കെ പ്രശാന്ത്, എം. എൽ. എ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം. എൽ. എ.

ശ്രീ. എം. വിൻസെന്റ്, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീമതി കവിത ഉണ്ണിത്താൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി ബിന്ദു എസ് . എൽ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2021-2023)-യുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2017-ലെ മലയാള ഭാഷാപഠന ആക്ടിൻ (2017-ലെ 8-ാം ആക്ട്) കീഴിൽ പുറപ്പെടുവിച്ച 2018-ലെ മലയാള ഭാഷാപഠന ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 366/2018), സമിതിയുടെ 11-2-2022-ലെ യോഗത്തിൽ പരിശോധിക്കുകയും പൊതുവിദ്യാഭ്യാസം, നിയമം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2022 ജൂലൈ 12-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എം. എം. മണി,
*അദ്ധ്യക്ഷൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2022 ജൂലൈ 14.

# റിപ്പോർട്ട്

മനുഷ്യനെ മറ്റ് ജീവജാലങ്ങളിൽ നിന്നും വ്യത്യസ്തനാക്കിതീർക്കുന്ന ഒരു സവിശേഷ പ്രതിഭാസമാണ് ഭാഷ. മനസ്സ്, ചിന്ത, ഭാവന, സംസ്കാരം, ലോകാവബോധം, ആശയ വിനിമയം എന്നിങ്ങനെ ജീവിതം പൂർണ്ണമായിത്തന്നെ ഭാഷയുടെ ആവിഷ്കാരമണ്ഡലത്തിൻ കീഴിലാണ് സാർത്ഥകമായിതീരുന്നത്. താൻ ജീവിക്കുന്ന ചുറ്റുപാടിന്റെ ചരിത്രം, പാരമ്പര്യം, കലകൾ, ഭാഷകൾ എന്നിവയെക്കുറിച്ചുള്ള ശക്തമായ ബോധവും അറിവും ചെറുപ്പകാലം മുതൽ വികസിപ്പിക്കുന്നതിലൂടെയാണ് ഒരാൾക്ക് തന്റെ സാംസ്കാരിക സ്വത്വവും ആത്മാഭിമാനവും സ്വായത്തമാക്കാൻ കഴിയുന്നത്. ആയത് കൈവരിക്കുവാൻ ഏറ്റവും മികച്ച മാർഗ്ഗമാകട്ടെ പ്രാദേശിക ഭാഷാ പഠനവും. അതുകൊണ്ടുതന്നെ കേരളം പോലെ ഇത്രയും സാംസ്കാരികവും ബൗദ്ധികവുമായ ഉൽകൃഷ്ട ചരിത്രം പേറുന്ന നാട്ടിൽ, മലയാള ഭാഷാപഠനം നിർബന്ധിതമാക്കേണ്ടത് പരമ പ്രധാനമായ കാര്യമാണ്. ഇടയ്ക്കെന്നോ നഷ്ടപ്പെട്ടുപോയ നമ്മുടെ ഭാഷാവബോധം തിരിച്ചെത്തിക്കേണ്ടതും അനിവാര്യമാണ്.

2. ഭാഷ ആശയവിനിമയത്തിനുള്ള ഒരു കേവല ഉപാധി മാത്രമല്ല ഒരു മനുഷ്യവികാരമാണ്. പരിണാമ ശ്യംഖലയിൽ ഏറ്റവും ഉന്നതസ്ഥാനീയനായ മനുഷ്യന്റെ മാത്രം സ്വായത്തമായ ഭാഷ അവനെ മറ്റു ജീവികളിൽ നിന്നും വ്യത്യസ്തനാക്കുന്നു. ജീവിത സാഹചര്യങ്ങളുടെ മാറ്റങ്ങൾക്കനുസരിച്ച് മനുഷ്യന്റെ ഭാഷാപ്രയോഗ സാധ്യത മറ്റു ഭാഷകളിലേക്കും വ്യാപിക്കുന്നുവെങ്കിലും അടിസ്ഥാനപരമായി മാതൃഭാഷ തന്നെയാണ് ഒരാളുടെ സ്വത്വം പ്രതിഫലിപ്പിക്കുന്നത്. ഒരാളുടെ നൈസർഗ്ഗിക വികാരവിക്ഷോഭങ്ങളെ അതേപടി പ്രകടിപ്പിക്കുവാൻ മാതൃഭാഷയ്ക്കല്ലാതെ മറ്റെന്തിനാണ് സാധിക്കുക?

3. വളരെ സമ്പന്നവും ധന്യവുമായ ഒരു പൈതൃകമുള്ള മലയാളഭാഷ, സംസ്കൃതത്തിന്റെയും തമിഴിന്റെയും സ്വാധീനത്തിൽ നിന്ന് ഒരു സ്വതന്ത്ര ഭാഷയായി രൂപപ്പെട്ടുവന്നത് വളരെക്കാലത്തെ മാറ്റങ്ങളിലൂടെയാണ്. മഹാരഥന്മാരായ പണ്ഡിതരും കവികളും സാഹിത്യ കാരന്മാരും നിരന്തര പരിശ്രമങ്ങളിലൂടെ രൂപപ്പെടുത്തിയതാണ് ആധുനിക മലയാളഭാഷ.

"മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം

ചുണ്ടിന്മേലമ്മിഞ്ഞപ്പാലോടൊപ്പം,

അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ

850/2022.

സമ്മേളിച്ചീടുന്നതൊന്നാമതായ്

മറ്റുള്ളഭാഷകൾ കേവലം ധാത്രിമാർ

മർത്ത്യന പെറ്റമ്മ തൻഭാഷതാൻ"

4. മാതൃഭാഷയിൽ അധ്യയനം തുടങ്ങുകയും അതിന്റെ പിൻബലത്തിൽ മറ്റുഭാഷകൾ സ്വായത്തമാക്കുകയും ചെയ്ത നമ്മുടെ മുൻതലമുറയിൽപ്പെട്ടവർ ജീവിതത്തിന്റെ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചവരാണെന്ന് നമുക്കറിയാം.

5. മഹാകവി സൂചിപ്പിച്ചതുപോലെ ഏതൊരു ശാസ്ത്രവും മനസ്സിൽ ആഴത്തിൽ പതിയണമെങ്കിൽ അത് മാതൃഭാഷയിൽത്തന്നെ നാം സ്വായത്തമാക്കണം. മാതൃഭാഷയുടെ ചുറ്റുപാടിൽ നമ്മുടെ സാംസ്കാരികത്തനിമ തിരിച്ചറിഞ്ഞ് ജീവിക്കുന്ന ഒരാൾക്ക് മാത്രമേ മറ്റുഭാഷകളും അതേരീതിയിൽ ഉൾക്കൊള്ളാൻ കഴിയൂ. പ്രാചീനകാലം മുതലുള്ള കവികളും സാഹിത്യകാരന്മാരും നമ്മുടെ ജീവിതത്തിൽ ചെലുത്തിയിട്ടുള്ള സ്വാധീനം ചെറുതല്ല. മലയാളത്തിലെ വിലമതിക്കാനാകാത്ത അമൂല്യഗ്രന്ഥങ്ങൾക്കു പുറമെ മറ്റുഭാഷകളിൽ നിന്ന് മൊഴിമാറ്റം ചെയ്തു കിട്ടിയവ ഉൾപ്പെടെ ധന്യമായ അക്ഷരസമ്പത്ത് നമുക്കുണ്ട്.

6. മാതൃഭാഷയ്ക്ക് സ്വന്തം ജീവനോളം വിലകല്പിക്കുന്ന തമിഴ് ജനതയുടെ സ്വത്വബോധത്തിന്റെ നല്ല വശങ്ങൾ മലയാളികൾ മാതൃകയാക്കേണ്ടതാണ്. മലയാളത്തിന്റെ സൗന്ദര്യം മനസ്സിലാക്കാതെ മറ്റു വിദേശഭാഷകളിൽ പ്രാവീണ്യം നേടുകയും മലയാളത്തെ പുച്ഛത്തോടെ നോക്കുകയും ചെയ്യുന്ന ചെറിയൊരു സമൂഹം നമുക്കിടയിൽ രൂപപ്പെട്ടിരിക്കുന്നു. സ്കൂൾ പഠനകാലത്ത് കേട്ടു പഠിച്ച കവിതകൾ ജീവതാവസാനം വരെ ഹൃദിസ്ഥമായിരുന്ന ഒരു തലമുറയുടെ പിൻമുറക്കാർ മലയാളഭാഷയെ തമസ്കരിക്കുന്നത് അംഗീകരിക്കാനാവില്ല.

7. പാഠപുസ്തകങ്ങളിൽ നിന്ന് അക്ഷരങ്ങളും ചിഹ്നങ്ങളും മാഞ്ഞുപോകുകയും അവയിലൂടെ മനസ്സിൽ വരച്ചിട്ട മൂർത്തരൂപങ്ങൾ അപ്രത്യക്ഷമാകുകയും ചെയ്തതോടെ മലയാളിയുടെ സർഗ്ഗശേഷി മുരടിച്ചുതുടങ്ങി. ശ്രേഷ്ഠഭാഷാ പദവിയുള്ള മാതൃഭാഷയെ മൃതാവസ്ഥയിലേയ്ക്ക് തള്ളിവിടാതെ പരിപോഷിപ്പിക്കേണ്ടത് ഒരു സാമൂഹ്യപ്രതിബദ്ധതയായി മാറിയിരിക്കുന്നു.

8. അന്യഭാഷാ സ്കൂളുകളുടെ അതിപ്രസരവും മലയാളം ബോധന മാധ്യമമായ സ്കൂളുകളോടുള്ള അകൽച്ചയും മലയാളിയുടെ മിഥ്യാധാരണകളും മാതൃഭാഷയെ വല്ലാതെ മുറിപ്പെടുത്തിയ കാലത്താണ് മലയാളം നിർബ്ബന്ധിത ഭാഷയായി പഠിപ്പിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുള്ളത്. മലയാള അക്ഷരങ്ങൾ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തുന്നതും മത്സരപ്പരീക്ഷകൾക്ക് മലയാളം നിർബ്ബന്ധിതമാക്കുന്നതും ഭാഷയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള സംരംഭങ്ങളാണ്.

9. ഇക്കാര്യങ്ങൾ മുൻനിർത്തി, സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും 2017-2018 അധ്യയന വർഷം മുതൽ മലയാള ഭാഷ നിർബന്ധിത ഭാഷയായി പഠിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി നിലവിൽ വന്നതാണ് 2017-ലെ മലയാള ഭാഷാപഠന ആക്ട് (2017-ലെ 8-ാം ആക്ട്) . പ്രസ്തുത ആക്ടിലെ 6-ാം വകുപ്പ് (1)-ാം ഉപവകുപ്പ് നൽകുന്ന അധികാരങ്ങൾ ഉപയോഗിച്ചുകൊണ്ട് 2-6-2018-ലെ സ.ഉ.(അച്ചടി) നമ്പർ 14/2018/ പൊ.വി.വ. പ്രകാരം പുറപ്പെടുവിച്ചതാണ് 2018-ലെ മലയാള ഭാഷാപഠന ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 366/2018). പ്രസ്തുത ചട്ടങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും നിർദ്ദേശങ്ങളും ശിപാർശകളും ചുവടെ ചേർക്കുന്നു.

10. ചട്ടം 2(1)(സി)-യുടെ മൂന്നാം വരിയിലെ 'സമിതി' എന്നത് 'കമ്മിറ്റി' എന്നാക്കി മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. ചട്ടം 2(1)(ഡി)-യുടെ രണ്ടാം വരി, ചട്ടം 4-ന്റെ എട്ടാം വരി, ചട്ടം 5(1)-ന്റെ നാലാം വരി, ചട്ടം 5(2)-ന്റെ ഒന്നാം വരി, ചട്ടം 6-ന്റെ അഞ്ചും ഏഴും വരികൾ എന്നിവയിലെ'എഡ്യൂക്കേഷണൽ' എന്നത് 'എജ്യൂക്കേഷണൽ' എന്നാക്കി മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. ചട്ടം 3(2)-ൽ 'ഒരു ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കീഴിലുള്ള എല്ലാ സ്കൂളുകളിലും മലയാളം പഠിപ്പിക്കുന്നുണ്ടോ എന്ന് അധ്യയന വർഷം ആരംഭിച്ച് മൂന്ന് മാസത്തിനുള്ളിൽ (3)-ാം ഉപചട്ടത്തിൽ പറയുന്ന അധ്യാപകരുടെ പാനൽ പരിശോധിച്ച് ഫാറം 1-ൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് റിപ്പോർട്ട് നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിരിക്കുന്നു. കൂടാതെ ചട്ടം 3(3), 3(7) എന്നിവയിൽ പ്രസ്തുത പാനലിന്റെ രൂപീകരണം സംബന്ധിച്ചുള്ള വ്യവസ്ഥകളും ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ, പ്രസ്തുത പാനൽ രൂപീകരണവുമായി ബന്ധപ്പെട്ട് ആക്ടിൽ വ്യവസ്ഥ ചെയ്യാതെ എപ്രകാരമാണ് ചട്ടത്തിൽ ഉൾപ്പെടുത്തിയതെന്നതിനെ സംബന്ധിച്ച് സമിതി പരിശോധിച്ചിരുന്നു. പൊതു അധികാരം ഉപയോഗിച്ചു കൊണ്ട് എല്ലാ സ്കൂളുകളിലും പത്താം ക്ലാസ്സുവരെ മലയാളം നിർബന്ധമായും പഠിപ്പിക്കുന്നു എന്നുറപ്പുവരുത്തുന്നതിനുതകുന്ന തരത്തിലുള്ള വ്യവസ്ഥകളാണ് ബന്ധപ്പെട്ട ആക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കാൻ ആവശ്യമെന്നോ യുക്തമെന്നോ തോന്നുന്നതും ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ മറ്റ് വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് ചട്ടങ്ങൾ നിർമ്മിക്കാമെന്ന് ആക്ടിൽ നിഷ്കർഷിച്ചിട്ടുണ്ടെന്നും നിയമ വകുപ്പ് ഉദ്യോഗസ്ഥർ സമിതി മുൻപാകെ വ്യക്തമാക്കുകയുണ്ടായി.

13. ചട്ടം 3-ന്റെ 4, 5 എന്നീ ഉപചട്ടങ്ങളിൽ, 'ലോവർ പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളിലും ഹൈസ്കൂളുകളിലും മലയാള ഭാഷാപഠനം വിലയിരുത്തുന്നതിനായി ഉപജില്ലാ വിദ്യാഭ്യാസ ഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഡയറക്ടർ അല്ലെങ്കിൽ അദ്ദേഹം

ച്ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ, 3-ാം ഉപചട്ടപ്രകാരമുള്ള പാനലിൽ നിന്നുള്ള അധ്യാപകൻ എന്നിവർ ചേർന്ന് പരിശോധന നടത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇപ്രകാരം നടത്തുന്ന പരിശോധനയുടെ റിപ്പോർട്ടുകൾ ആർക്ക് നല്കണമെന്നതിനെ കുറിച്ചുള്ള വ്യവസ്ഥയോ, ആയത് നൽകുന്നതിനായി പ്രത്യേക ഫാറങ്ങളോ ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല . ആയതിനാൽ, ചട്ടം 3(4), 3(5) എന്നിവ പ്രകാരം നടത്തുന്ന പരിശോധനയുടെ റിപ്പോർട്ട് ബന്ധപ്പെട്ട വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദിഷ്ട ഫാറത്തിൽ നൽകുവാനുള്ള വ്യവസ്ഥ ചട്ടത്തിൽ ഉൾപ്പെടുത്തുവാനും പ്രസ്തുത ഫാറത്തിന്റെ മാതൃക തയ്യാറാക്കി ചട്ടത്തിനോടൊപ്പം ചേർക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

14. ചട്ടം 3(6)-ൽ 'പ്രസ്തുത പരിശോധനാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഓരോ ജില്ലയിലെയും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ സ്കൂളുകളിൽ പരിശോധന നടത്തി ഒരു മാസത്തിനുള്ളിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ഫാറം 2-ൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ് ' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ആയതിൽ, 'പ്രസ്തുത പരിശോധനാ റിപ്പോർട്ടുകൾ' എന്നത് ഉപചട്ടം 3(4), 3(5) എന്നിവ പ്രകാരമുള്ള റിപ്പോർട്ടുകളാണെന്നും 'വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ സ്കൂളുകളിൽ പരിശോധന നടത്തി' എന്നതിൽ എല്ലാ സ്കൂളുകളും ഉൾപ്പെടുന്നുണ്ടോയെന്നും വ്യക്തമാക്കിയിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത പരിശോധന നടത്തുന്നതിനുള്ള സമയപരിധി നിശ്ചയിക്കുന്നത് ഉചിതമാകുമെന്നും സമിതിക്ക് അഭിപ്രായമുണ്ട്. ആയതിനാൽ, ചട്ടം 3(6)-ലെ 'പ്രസ്തുത പരിശോധന റിപോർട്ടുകൾ' എന്നത് ഏതെല്ലാം ഉപചട്ടപ്രകാരമുള്ള പരിശോധന റിപ്പോർട്ടുകളാണെന്നും 'വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ സ്കൂളുകളിൽ പരിശോധന നടത്തി' എന്നതിൽ ഏതെല്ലാം സ്കൂളുകൾ ഉൾപ്പെടുന്നുവെന്ന് വ്യക്തമാക്കിയും പ്രസ്തുത പരിശോധന റിപ്പോർട്ടുകൾ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കുന്നതിനുള്ള സമയപരിധി നിശ്ചയിച്ചുകൊണ്ടും ചട്ടത്തിൽ ഭേദഗതി വരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

15. ചട്ടം 4-ന്റെ മൂന്നാം വരി, ചട്ടം 10-ന്റെ തലക്കെട്ടിലെ രണ്ടും മൂന്നും വരികൾ, ചട്ടം 10-ന്റെ മൂന്നും നാലും വരികൾ എന്നിവയിലെ 'എഡ്യുക്കേഷൻ' എന്നത് 'എജ്യുക്കേഷൻ' എന്നാക്കി മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. ചട്ടം 7-ൽ ഒൻപതാം വരിയിലെ, 'മലയാളം പഠിക്കുന്ന' എന്നതിനെ 'പത്താംതരത്തിൽ മലയാളത്തിൽ മികച്ച വിജയം കൈവരിച്ച് തുടർന്നും മലയാളം ഒരു വിഷയമായി പഠിക്കുന്ന' എന്നാക്കി ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. ചട്ടം 7-ൽ പ്രതിപാദിക്കുന്ന സ്കോളർഷിപ്പ് ഏർപ്പെടുത്തുന്നതിനുള്ള തുക എങ്ങനെ കണ്ടെത്തണമെന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല. കൂടാതെ, പ്രസ്തുത ചട്ടവുമായി ബന്ധപ്പെട്ട ബിൽ അവതരിപ്പിക്കപ്പെട്ട വേളയിൽ ആയതിന്റെ

ധനകാര്യ മെമ്മോറാണ്ടത്തിൽ ഇപ്രകാരമൊരു ചെലവിനത്തെപ്പറ്റി സൂചിപ്പിച്ചിട്ടില്ലായിരുന്നുവെന്നും പിന്നീട് പുതുക്കിയ ധനകാര്യ മെമ്മോറാണ്ടം സമർപ്പിക്കപ്പെട്ടിട്ടില്ലെന്നും സമിതി വിലയിരുത്തുന്നു. നിലവിലുള്ള ഏതെങ്കിലും ഫണ്ടിൽ നിന്നാണോ സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതെന്നും , അതല്ല ഇതൊരു New Service ആണോയെന്നും സ്കോളർഷിപ്പുകളുടെ നിരക്ക് നിശ്ചയിച്ചിട്ടുണ്ടോയെന്നും ഏത് വർഷം മുതലാണ് സ്കോളർഷിപ്പ് നൽകി വരുന്നതെന്നും ബന്ധപ്പെട്ട വകുപ്പിനോട് സമിതി ആരാഞ്ഞിരുന്നു. പ്രസ്തുത സ്കോളർഷിപ്പുകൾ നൽകി തുടങ്ങിയിട്ടില്ലായെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. പ്രസ്തുത സ്കോളർഷിപ്പ് നൽകുന്നത് ഉത്തമമായ നടപടിയാണെന്ന് സമിതിക്ക് അഭിപ്രായമുണ്ട്. ആയതിനാൽ, പ്രസ്തുത സ്കോളർഷിപ്പുകൾ നൽകുവാൻ ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് ആക്ടിൽ ഭേദഗതി വരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

18. ചട്ടം 8(3)-ൽ ആക്ടിലെ വ്യവസ്ഥകളുടെ ലംഘനത്തിന് പിഴ ഈടാക്കുന്നത് സംബന്ധിച്ച്, പ്രസ്തുത ചട്ടത്തിലെ മൂന്നാം വരിയിലെ 'പറയുവാൻ' എന്ന വാക്കിന് ശേഷമുള്ള 'നിശ്ചിത സമയത്തിനുള്ളിൽ' എന്ന വാക്കിന് പകരം സമയപരിധി കൃത്യമായി രേഖപ്പെടുത്തുന്നതാകും ഉചിതം എന്ന് സമിതി വിലയിരുത്തുന്നു. ആയതിന് സമയപരിധി നിശ്ചയിച്ചുകൊണ്ട് പ്രസ്തുത ചട്ടത്തിൽ ഭേദഗതി വരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

19. ചട്ടം 3(4), 3(5) എന്നിവയിലെ 'ഉദ്യാഗസ്ഥൻ' എന്നത് 'ഉദ്യോഗസ്ഥൻ' എന്നാക്കി മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. ചട്ടത്തിനോടനുബന്ധമായി ചേർത്തിരിക്കുന്ന ഫാറം 1, 2 എന്നിവയിലെ 'വിദ്യാഭ്യാസ വർഷം' എന്നത് 'അധ്യയന വർഷം' എന്നാക്കി മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. ആക്ടിലെ വകുപ്പ് 3(4)-ൽ 'ഇതര സംസ്ഥാനങ്ങളിൽ നിന്നോ വിദേശ രാജ്യങ്ങളിൽ നിന്നോ സംസ്ഥാനത്ത് വന്ന് സ്കൂളുകളിൽ പഠനം തുടരുന്ന വിദ്യാർത്ഥികൾക്ക് അതത് ക്ലാസുകളിലെ പാഠ്യപദ്ധതി പ്രകാരമുള്ള മലയാള ഭാഷാ അധ്യയനം സാധ്യമാകുവാൻ കഴിയാത്തപക്ഷം, അങ്ങനെയുള്ള വിദ്യാർത്ഥികളെ നിലവിലുള്ള പാഠ്യപദ്ധതി പ്രകാരമുള്ള പത്താംതരം പരീക്ഷയിലെ മലയാള ഭാഷയിലുള്ള പരീക്ഷയിൽ നിന്ന് ഒഴിവാക്കാവുന്നതും, എസ്.സി.ഇ.ആർ.റ്റി. തയ്യാറാക്കുന്ന പാഠപുസ്തകം പഠിപ്പിക്കേണ്ടതുമാണ് ' എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, ഇത്തരം കുട്ടികൾക്ക് മലയാളം പരീക്ഷ എപ്പോൾ നടത്തും എന്നതിനെ സംബന്ധിച്ച വ്യവസ്ഥ ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, 'ഇത്തരം കുട്ടികൾക്ക് എസ്.സി.ഇ.ആർ.റ്റി. തയ്യാറാക്കിയിട്ടുള്ള മലയാളം പാഠപുസ്തകത്തിന്റെ അടിസ്ഥാനത്തിൽ പൊതു പരീക്ഷയോടൊപ്പം മലയാളം പരീക്ഷ നടത്താവുന്നതാണ് ' എന്ന വ്യവസ്ഥ കൂടി ചട്ടത്തിൽ ഉൾപ്പെടുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

22. ആക്ടിലെ വകുപ്പ് 4(1)-ൽ, 'ആക്ടിലെ 3-ാം ഉപവകുപ്പിലെ 2, 3 എന്നീ ഉപവകുപ്പുകളിലെ വ്യവസ്ഥകൾ ലംഘിക്കുന്ന സ്കൂളുകളിലെ പ്രധാനാധ്യാപകന് പിഴ ഈടാക്കിയ ഉത്തരവിനെതിരെ അങ്ങനെയുള്ള ഉത്തരവ് കിട്ടി മുപ്പത് ദിവസത്തിനുള്ളിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണെന്ന് ' വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം അപ്പീൽ സമർപ്പിക്കുന്നതിന് നിശ്ചിത മാതൃകയിലുള്ള ഫാറം ചട്ടത്തിൽ ഉൾപ്പെടുത്തുന്നത് ഉചിതമാകുമെന്ന് സമിതിക്ക് അഭിപ്രായമുണ്ട്. ആയതിനാൽ, പ്രസ്തുത അപ്പീൽ നൽകുവാനുള്ള വ്യവസ്ഥ, ചട്ടത്തിൽ ഉൾപ്പെടുത്തുവാനും ആയതിനായുള്ള ഫാറത്തിന്റെ മാതൃക തയ്യാറാക്കി ചട്ടത്തിനോടൊപ്പം ചേർക്കുന്നതിനായും സമിതി ശിപാർശ ചെയ്യുന്നു.

23. ആക്ടിലെ വകുപ്പ് 4(4) പ്രകാരം, മലയാള ഭാഷ സംസാരിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തുന്ന അൺ-എയ്ഡഡ് സ്കൂളുകളുടെ അംഗീകാരവും സി.ബി.എസ്.സി., സി.ഐ.എസ്.സി.ഇ. എന്നിവയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്കൂളുകളുടെ നിരാക്ഷേപപത്രവും റദ്ദാക്കാവുന്നതാണ്. ഇപ്രകാരം ഏതൊക്കെ സ്കൂളുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നുള്ള അന്വേഷണത്തിൽ, ഇത്തരത്തിലുള്ള പരാതികൾ ഒന്നും തന്നെ പൊതുവിദ്യാഭ്യാസവകുപ്പിന് നാളിതുവരെ ലഭിച്ചിട്ടില്ലായെന്നും ആയതിനാൽത്തന്നെ മേൽ നടപടികൾ സ്വീകരിക്കേണ്ടി വന്നിട്ടില്ലായെന്നും സമിതിക്ക് ബോധ്യപ്പെട്ടു.

24. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാള ഭാഷാപഠനം നിർബന്ധമാക്കുന്നതിന് ഈ വിജ്ഞാപനത്തിലൂടെ സാധിച്ചിട്ടുണ്ടോയെന്നും ആയതിന്റെ നിലവിലെ സ്ഥിതിയും സമിതി വിലയിരുത്തിയിരുന്നു. സംസ്കൃതം ഓറിയന്റൽ , അറബിക് ഓറിയന്റൽ സ്കൂളുകളിൽ പേപ്പർ ഒന്നും രണ്ടും സംസ്കൃതമോ അറബിയോ ആയിരിക്കും പഠിക്കേണ്ടിവരുന്നതെന്നും അവിടെ മലയാള ഭാഷ പഠിപ്പിക്കുന്നതിനുള്ള സാധ്യതയില്ലായെന്നും സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത വിഷയം വിശദമായി പരിശോധിച്ചപ്പോൾ ഇത്തരം സ്കൂളുകളിൽ മലയാള ഭാഷ പഠിപ്പിക്കുന്നതിനായി പ്രത്യേകം അദ്ധ്യാപകരെ നിയമിക്കാമെന്നൊരു തീരുമാനം വകുപ്പ് തലത്തിൽ എടുത്തിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, പ്രസ്തുത വിഷയം സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ട ശേഷം ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

25. ഈ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിലൂടെ നിലവിലെ ചട്ടങ്ങളിൽ കൂടുതൽ വ്യക്തത വരുമെന്നും സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാള ഭാഷ അവശ്യഭാഷയായി പഠിപ്പിക്കുവാൻ സ്വീകരിച്ചുപോരുന്ന പ്രവൃത്തികൾക്ക് അത് ഏറെ സഹായകരമാകുമെന്നും മാതൃഭാഷയുടെ പ്രാധാന്യവും ഔന്നിത്യവും തിരിച്ചറിയുന്ന സ്വത്വബോധമുള്ള തലമുറകളിലൂടെ നമ്മുടെ സാംസ്കാരികത്തനിമ നിലനിൽക്കുമെന്നും സമിതി പ്രത്യാശിക്കുന്നു.

എം. എം. മണി,
*അദ്ധ്യക്ഷൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2022 ജൂലൈ 14.

അനുബന്ധം

കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY


| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, തിങ്കൾ<br>Thiruvananthapuram, Monday | 2018 ജൂൺ 4<br>4th June 2018<br>1193 ഇടവം 21<br>21st Idavam 1193<br>1940 ജ്യേഷ്ഠം 14<br>14th Jyaishta 1940 | നമ്പർ<br>No. 1503 |


## കേരള സർക്കാർ

### പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 14/2018/പൊ.വി.വ    *തിരുവനന്തപുരം, 2018 ജൂൺ 2 / 1193 ഇടവം 19.*

എസ്. ആർ. ഒ. നമ്പർ 366/2018.—2017-ലെ മലയാള ഭാഷാപഠന ആക്റ്റിലെ (2017-ലെ 8) 6-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ, താഴെപ്പറയുന്ന ചട്ടങ്ങൾ ഇതിനാൽ ഉണ്ടാക്കുന്നു, അതായത്:—

### ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2018-ലെ മലയാള ഭാഷാപഠന ചട്ടങ്ങൾ എന്ന് പേർ പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ ചട്ടങ്ങളിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "ആക്റ്റ്" എന്നാൽ 2017-ലെ മലയാള ഭാഷാപഠന ആക്റ്റ് (2017-ലെ 8) എന്നർത്ഥമാകുന്നു;

(ബി) "ഫാറം" എന്നാൽ ഈ ചട്ടങ്ങൾ പ്രകാരമുള്ള ഒരു ഫാറം എന്നർത്ഥമാകുന്നു;

(സി) "സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി" എന്നാൽ സ്കൂൾ വിദ്യാഭ്യാസത്തിന്റെ അക്കാദമിക കാര്യങ്ങളിൽ ഉപദേശം നൽകാനായി അതത് സമയങ്ങളിൽ സർക്കാർ രൂപീകരിക്കുന്ന സമിതി എന്നർത്ഥമാകുന്നു;

(ഡി) "പാഠപുസ്തകം" എന്നാൽ സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.റ്റി.) തയ്യാറാക്കി സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്ന പാഠപുസ്തകം എന്നർത്ഥമാകുന്നു.

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും എന്നാൽ നിർവ്വചിച്ചിട്ടില്ലാത്തതും ആക്റ്റിലും അതിൽ പരാമർശിച്ചിട്ടുള്ള നിയമങ്ങളിലും നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും പ്രസ്തുത ആക്റ്റിലും നിയമങ്ങളിലും അവയ്ക്ക് യഥാക്രമം നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

3. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പത്താംതരം വരെ മലയാളം പഠിപ്പിക്കുന്നുവെന്ന് ഉറപ്പുവരുത്തൽ.—(1) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഒന്നാംതരം മുതൽ പത്താംതരം വരെ മലയാളം ഒരു ഭാഷയായി പഠിപ്പിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടത് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ചുമതലയായിരിക്കുന്നതാണ്.

(2) ഒരു ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കീഴിലുള്ള എല്ലാ സ്കൂളുകളിലും മലയാളം പഠിപ്പിക്കുന്നുണ്ടോ എന്ന് അദ്ധ്യയന വർഷം ആരംഭിച്ച് മൂന്ന് മാസത്തിനുള്ളിൽ (3)-ാം ഉപചട്ടത്തിൽ പറയുന്ന അദ്ധ്യാപകരുടെ പാനൽ പരിശോധിച്ച് ഫാറം 1-ൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് റിപ്പോർട്ട് നൽകേണ്ടതാണ്.

(3) (2)-ാം ഉപചട്ടപ്രകാരമുള്ള പരിശോധന നടത്തുന്നതിനായി ഓരോ അദ്ധ്യയന വർഷവും ജില്ലാ വിദ്യാഭ്യാസ ഓഫീസർ അദ്ദേഹത്തിന്റെ അധികാരപരിധിയിൽകീഴിലുള്ള ജില്ലയിലെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ നിന്നും മലയാളം അദ്ധ്യാപകർ അടങ്ങുന്ന ഒരു പാനൽ രൂപീകരിക്കേണ്ടതാണ്.

(4) ലോവർ പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളിലെ വിദ്യാർത്ഥികളുടെ മലയാള ഭാഷാപഠനം വിലയിരുത്തുന്നതിനായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ, (3)-ാം ഉപചട്ടപ്രകാരമുള്ള പാനലിൽ നിന്നുള്ള അദ്ധ്യാപകൻ എന്നിവർ ചേർന്ന് പരിശോധന നടത്തേണ്ടതാണ്.

(5) ഹൈസ്കൂളുകളിൽ മലയാള ഭാഷാപഠനം വിലയിരുത്തുന്നതിനായി ജില്ലാ വിദ്യാഭ്യാസ ഓഫീസർ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ, (3)-ാം ഉപചട്ടപ്രകാരമുള്ള പാനലിൽ നിന്നുള്ള അദ്ധ്യാപകൻ എന്നിവർ ചേർന്ന് പരിശോധന നടത്തേണ്ടതാണ്.

(6) പ്രസ്തുത പരിശോധനാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഓരോ ജില്ലയിലെയും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ സ്കൂളുകളിൽ പരിശോധന നടത്തി ഒരു മാസത്തിനുള്ളിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് ഫാറം 2-ൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(7) (6)-ാം ഉപചട്ടപ്രകാരമുള്ള പരിശോധന നടത്തുന്നതിനായി ഓരോ അദ്ധ്യയന വർഷവും റവന്യൂ ജില്ലാടിസ്ഥാനത്തിൽ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽനിന്നും മലയാളം അദ്ധ്യാപകരുടെ ഒരു പാനൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ രൂപീകരിക്കേണ്ടതാണ്.

(8) (7)-ാം ഉപചട്ടപ്രകാരമുള്ള പാനലിലെ ഒരംഗവും ബന്ധപ്പെട്ട വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറും അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനും പരിശോധനയ്ക്കായി സ്കൂളുകൾ സന്ദർശിക്കേണ്ടതാണ്.

4. <u>സ്കൂളുകളിൽ മലയാളം പഠനവിഷയമാക്കേണ്ടതും മലയാള ഭാഷാപഠനത്തിനായി സാഹചര്യവും സൗകര്യവും ഒരുക്കേണ്ടതാണെന്ന്.</u>— സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകളിലും, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (സി.ബി.എസ്.ഇ.), കൗൺസിൽ ഫോർ ദി ഇൻഡ്യൻ സ്കൂൾ സർട്ടിഫിക്കറ്റ് എക്സാമിനേഷൻ (സി.ഐ.എസ്.സി.ഇ.) എന്നീ ബോർഡുകളുടെ കീഴിലുള്ള സ്കൂളുകളിലും ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ ദ്വിഭാഷാ രീതി മാത്രം പിന്തുടരുകയും ആ രണ്ട് ഭാഷകളിൽ മലയാളം ഉൾപ്പെടാതിരിക്കുകയും ചെയ്യുന്ന സംഗതിയിൽ മലയാളം ഒരു പഠന വിഷയമായി ഉൾപ്പെടുത്തേണ്ടതാണ്. സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.ടി.) അതത് ക്ലാസ്സുകൾക്കുവേണ്ടി തയ്യാറാക്കുന്ന പാഠപുസ്തകങ്ങൾ പഠിപ്പിക്കേണ്ടതും സമയക്രമമനുസരിച്ച് പഠനനിലവാരം മൂല്യനിർണ്ണയം നടത്തേണ്ടതുമാണ്. അതത് സ്കൂളുകളിലെ അദ്ധ്യാപകരുടെ സേവനം ഇതിലേക്കായി പ്രയോജനപ്പെടുത്തേണ്ടതാണ്.

5. <u>സംസ്ഥാനത്തെ സ്കൂളുകളിൽ മലയാളം പഠിപ്പിക്കുന്നതിനുള്ള നടപടിക്രമം.</u>—(1) ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ നിലവിലുള്ള പാഠ്യപദ്ധതി പ്രകാരം മലയാള ഭാഷ പഠിപ്പിക്കാത്ത ഭാഷാ ന്യൂനപക്ഷ സ്കൂളുകളും ഓറിയന്റൽ സ്കൂളുകളും ഉൾപ്പെടെയുള്ള സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും, സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.ടി.) അതത് ക്ലാസ്സുകൾക്കുവേണ്ടി തയ്യാറാക്കുന്ന പാഠപുസ്തകം, പഠിപ്പിക്കേണ്ടതും സമയക്രമമനുസരിച്ച് പഠനനിലവാരം മൂല്യനിർണ്ണയം നടത്തേണ്ടതുമാണ്. അതത് സ്കൂളുകളിലെ അദ്ധ്യാപകരുടെ സേവനം ഇതിലേക്കായി പ്രയോജനപ്പെടുത്തേണ്ടതാണ്.

(2) സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.ടി.) തയ്യാറാക്കുന്ന പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തുവാൻ ആവശ്യമായ വിവരങ്ങൾ സ്കൂളുകൾ ഓരോ അദ്ധ്യയന വർഷവും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതാണ്.

6. <u>ഇതര സംസ്ഥാനങ്ങളിൽനിന്നോ വിദേശരാജ്യങ്ങളിൽനിന്നോ താമസം മാറിവരുന്ന വിദ്യാർത്ഥികളെ പ്രതികൂലമായി ബാധിക്കാത്തവിധം ഭാഷാപഠനത്തിലെ വ്യവസ്ഥകളിൽ വരുത്തുന്ന ക്രമീകരണങ്ങൾ.</u>—ഇതര സംസ്ഥാനങ്ങളിൽനിന്നോ വിദേശരാജ്യങ്ങളിൽനിന്നോ സംസ്ഥാനത്തുവന്ന് സ്കൂളുകളിൽ പഠനം തുടരുന്ന വിദ്യാർത്ഥികളുടെ എണ്ണം സംസ്ഥാനത്തെ അത്തരം ഓരോ സ്കൂളും പൊതുവിദ്യാഭ്യാസ ഡയറക്ടറെയും സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.ടി.) ഡയറക്ടറെയും ഓരോ വർഷവും യഥാസമയം അറിയിക്കേണ്ടതും സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് അതിൻപ്രകാരം അതത് ക്ലാസ്സുകൾക്കുവേണ്ടി തയ്യാറാക്കുന്ന മലയാള പാഠപുസ്തകം പഠിപ്പിക്കേണ്ടതുമാണ്. അതത് സ്കൂളുകളിലെ അദ്ധ്യാപകരുടെ സേവനം ഇതിലേക്കായി പ്രയോജനപ്പെടുത്തേണ്ടതാണ്.

7. <u>മലയാള പഠനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച്.</u>—സംസ്ഥാനത്തെ സ്കൂളുകളിൽ മലയാള പഠനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി, പത്താംതരത്തിൽ മലയാളത്തിന് മികച്ച വിജയം നേടുന്ന വിദ്യാർത്ഥികൾ തുടർന്നുള്ള രണ്ട് വർഷക്കാലം മലയാളം ഒരു വിഷയമായി പഠിക്കുന്നപക്ഷം സാഹിത്യത്തിലെ മികച്ച കൃതികൾ വാങ്ങി വായിക്കാനും അതിന്റെ വെളിച്ചത്തിൽ സാഹിത്യത്തെയും സംസ്കാരത്തെയും സംബന്ധിച്ച അവബോധം വളർത്താനും വേണ്ടി ഒരു സ്കോളർഷിപ്പ് ഏർപ്പെടുത്താൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതും ഓരോ സ്കൂളിലും മലയാളം പഠിക്കുന്ന അഞ്ച് ശതമാനം കുട്ടികൾക്ക് സർക്കാർ അതതുസമയം നിശ്ചയിക്കുന്ന നിരക്കുകളിൽ ഒരു തുക സ്കോളർഷിപ്പ് നൽകേണ്ടതുമാണ്.

8. ആക്റ്റിലെ വ്യവസ്ഥകളുടെ ലംഘനത്തിനുള്ള പിഴ ഈടാക്കുന്നത് സംബന്ധിച്ച്. —(1) ആക്റ്റിലെ 3-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിലെയോ (3)-ാം ഉപവകുപ്പിലെയോ വ്യവസ്ഥകൾ ഏതെങ്കിലും സ്കൂൾ ലംഘിച്ചതായി 3-ാം ചട്ടത്തിന്റെ (4) മുതൽ (6) വരെ ഉപചട്ടങ്ങൾ പ്രകാരമുള്ള പരിശോധന റിപ്പോർട്ട് പ്രകാരമോ മറ്റ് തെളിവുകളുടെ അടിസ്ഥാനത്തിലോ ബോദ്ധ്യപ്പെട്ടാൽ, അങ്ങനെയുള്ള സ്കൂളിന്റെ പ്രധാനാദ്ധ്യാപകനിൽനിന്നും അയ്യായിരം രൂപ പിഴ ചുമത്താതിരിക്കാൻ വ്യക്തമായ കാരണം കാണിക്കാൻ ആവശ്യപ്പെട്ടു കൊണ്ടുള്ള ഒരു നോട്ടീസ്, റിപ്പോർട്ടിന്റെ തീയതി മുതൽ അല്ലെങ്കിൽ വ്യവസ്ഥകളുടെ ലംഘനം ബോദ്ധ്യപ്പെടുന്ന തീയതി മുതൽ മുന്ന് ദിവസത്തിനുള്ളിൽ പ്രധാനാദ്ധ്യാപകന് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ നൽകേണ്ടതാണ്.

(2) (1)-ാം ഉപചട്ടപ്രകാരം നൽകുന്ന കാരണം കാണിക്കൽ നോട്ടീസിന് മറുപടി നൽകുവാൻ ഏഴ് ദിവസത്തിൽ കുറയാത്ത സമയം അനുവദിക്കേണ്ടതാണ്.

(3) (1)-ാം ഉപചട്ടപ്രകാരം നൽകപ്പെട്ട നോട്ടീസിന് ലംഘനം നടത്തിയതായി ആരോപിക്കപ്പെടുന്ന പ്രധാനാദ്ധ്യാപകനിൽനിന്നും വിശദീകരണം ലഭിച്ചിട്ടുണ്ടെങ്കിൽ അയാൾക്ക് പറയുവാനുള്ളത് പറയുവാൻ നിശ്ചിത സമയത്തിനുള്ളിൽ ഒരവസരം നൽകിയതിനുശേഷം ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടും മറ്റ് തെളിവുകളും പരിശോധിച്ച്, അതത് സംഗതിപോലെ ആക്റ്റിന്റെ 3-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെയോ (3)-ാം ഉപവകുപ്പിലെയോ വ്യവസ്ഥകളുടെ ലംഘനം നടന്നിട്ടുണ്ടെന്ന് ബോദ്ധ്യമാകുന്നപക്ഷം, ഉത്തരവാദിയായ പ്രധാനാദ്ധ്യാപകനെതിരെ 4-ാം വകുപ്പിൽ വ്യവസ്ഥ ചെയ്ത പ്രകാരം പിഴ ചുമത്തേണ്ടതും സർക്കാർ അധികാരപ്പെടുത്തിയ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥന്റെ കൈയൊപ്പുവച്ചുകൊണ്ടുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

(4) (1)-ാം ഉപചട്ടപ്രകാരം നല്കപ്പെട്ട നോട്ടീസിന് പ്രധാനാദ്ധ്യാപകൻ നിശ്ചിത സമയത്തിനകം മറുപടിയൊന്നും നൽകിയിട്ടില്ലെങ്കിൽ അയാൾക്ക് പറയാനൊന്നുമില്ലെന്ന നിഗമനത്തിൽ, ആരോപിക്കപ്പെട്ട ലംഘനം അയാൾ നടത്തിയതായി കരുതേണ്ടതും 4-ാം വകുപ്പിൽ വ്യവസ്ഥചെയ്ത പ്രകാരം പിഴ ചുമത്തേണ്ടതും സർക്കാർ അധികാരപ്പെടുത്തിയ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥന്റെ കൈയൊപ്പു വച്ചുകൊണ്ടുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

9. പിഴത്തുക ഈടാക്കുന്നതിനുള്ള നടപടിക്രമം.—ആക്റ്റിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം ചുമത്തപ്പെടുന്ന പിഴത്തുക പിഴശിക്ഷയ്ക്ക് വിധേയനാകുന്ന പ്രധാനാദ്ധ്യാപകന്റെ ശമ്പളത്തിൽ നിന്നോ അല്ലെങ്കിൽ ഭൂനികുതിയിൻമേലുള്ള പൊതുക്കരക്കുടിശ്ശികയെന്നപോലെയോ ഈടാക്കേണ്ടതും ആയത് വിദ്യാഭ്യാസ വകുപ്പിന്റെ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ വരവ് വയ്ക്കേണ്ടതുമാണ്.

10. <u>അൺഎയ്ഡഡ് സ്കൂളുകൾ അല്ലെങ്കിൽ സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (സി.ബി.എസ്.ഇ.), ഇന്ത്യൻ സർട്ടിഫിക്കറ്റ് ഫോർ സെക്കന്ററി എഡ്യൂക്കേഷൻ (ഐ.സി.എസ്.ഇ.) എന്നിവയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്കൂളുകളുടെ നിയമലംഘനം സംബന്ധിച്ച്.</u>—ഒരു അൺഎയ്ഡഡ് സ്കൂൾ അല്ലെങ്കിൽ സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (സി.ബി.എസ്.ഇ.), ഇന്ത്യൻ സർട്ടിഫിക്കറ്റ് ഫോർ സെക്കന്ററി എഡ്യൂക്കേഷൻ (ഐ.സി.എസ്.ഇ.) എന്നിവയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഏതെങ്കിലും സ്കൂൾ മുന്നുതവണ ആക്റ്റിലെ 3-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിലെയോ (3)-ാം ഉപവകുപ്പിലെയോ വ്യവസ്ഥകൾ ലംഘിക്കുന്നപക്ഷം മൂന്നാമത്തെ ലംഘനത്തിന് പിഴ ചുമത്തപ്പെടുന്ന തീയതി മുതൽ ഏഴ് ദിവസത്തിനകം പ്രധാനാദ്ധ്യാപകനും മാനേജ്മെന്റിനും 4-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പ് പ്രകാരം, അതത് സംഗതിപോലെ സ്കൂളിന്റെ അംഗീകാരം അല്ലെങ്കിൽ നിരാക്ഷേപപത്രം റദ്ദാക്കാതിരിക്കുന്നതിനുള്ള കാരണം കാണിക്കുന്നതിനുള്ള ഒരു നോട്ടീസ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ നൽകേണ്ടതാണ്. നടപടി പൂർത്തിയാക്കിയാലുടൻതന്നെ ലംഘനത്തിന്മേൽ നടപടി സ്വീകരിച്ചതിന്റെ വിവരങ്ങൾ സഹിതം സ്കൂളിന്റെ അംഗീകാരമോ/നിരാക്ഷേപപത്രമോ റദ്ദാക്കുന്നതിനായി വിശദമായ റിപ്പോർട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചാൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ അതിന്മേൽ വ്യക്തമായ അഭിപ്രായം രേഖപ്പെടുത്തേണ്ടതും അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി സർക്കാരിന് ലഭ്യമാക്കേണ്ടതുമാണ്. അപ്രകാരം ലഭിക്കുന്ന റിപ്പോർട്ടിന്മേൽ ഒരു മാസത്തിനുള്ളിൽ സർക്കാർ തീർപ്പ് കൽപ്പിക്കേണ്ടതാണ്.

(2) സ്കൂളിന്റെ അംഗീകാരമോ/നിരാക്ഷേപപത്രമോ റദ്ദാക്കുവാൻ സർക്കാർ തീരുമാനിക്കുന്നപക്ഷം അങ്ങനെ തീരുമാനിക്കുന്ന തീയതി മുതൽ ഒരാഴ്ചയ്ക്കകം അൺഎയ്ഡഡ് സ്കൂളുകളുടെ സംഗതിയിൽ അംഗീകാരം പിൻവലിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതും, സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. എന്നിവയുമായി അഫിലിയേറ്റ് ചെയ്ത സ്കൂളുകളുടെ സംഗതിയിൽ നിരാക്ഷേപപത്രം റദ്ദാക്കി ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ആ വിവരം പ്രസ്തുത സ്കൂളുകളുടെ നിയന്ത്രക ബോർഡുകളെ അറിയിക്കേണ്ടതുമാണ്.

11. <u>മലയാള ഭാഷാപഠനം സംബന്ധിച്ച വാർഷിക സ്ഥിതിവിവരക്കണക്കുകൾ പ്രസിദ്ധപ്പെടുത്തണമെന്ന്.</u>—പൊതുവിദ്യാഭ്യാസ വകുപ്പ് വർഷാവർഷം പ്രസിദ്ധീകരിക്കുന്ന വിദ്യാഭ്യാസം സംബന്ധിച്ച സ്ഥിതിവിവരക്കണക്കിൽ മലയാള ഭാഷാപഠനം സംബന്ധിച്ച കണക്കുകളും ഉൾപ്പെടുത്തേണ്ടതാണ്.

ഫാറം-1

[ചട്ടം 3(2) കാണുക]

## 2017-ലെ മലയാള ഭാഷാപഠന ആക്റ്റനുസരിച്ച് സ്കൂളുകളിൽ നടത്തിയ പരിശോധനാ റിപ്പോർട്ട്

1. വിദ്യാഭ്യാസ വർഷം :
2. പരിശോധനാ തീയതി :
3. വിദ്യാഭ്യാസ ജില്ല :
4. വിദ്യാഭ്യാസ ഉപജില്ല :
5. സ്കൂൾ വിഭാഗം : എൽ.പി./യു.പി./ഹൈസ്കൂൾ
6. സ്കൂൾ :
7. സ്കൂൾ വിലാസം :
8. സ്കൂൾ പദവി : സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ്
9. അവലംബിത സിലബസ് : കേരള സർക്കാർ/സി.ബി.എസ്.ഇ./ സി.ഐ.എസ്.സി.ഇ./മറ്റ് ബോർഡ് (ഇത് എന്താണെന്ന് പ്രത്യേകം പരാമർശിക്കുക)

| ക്രമനമ്പർ | ക്ലാസ്സ് | കുട്ടികളുടെ എണ്ണം | ഡിവിഷനുകളുടെ എണ്ണം | മലയാള പഠനം ഉണ്ട്/ഇല്ല | നിയോഗിച്ചിട്ടുള്ള അധ്യാപകരുടെ എണ്ണം | പാഠപുസ്തകം | മറ്റ് വിവരങ്ങൾ |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |

ഒപ്പ് :

പേര് :

ഉദ്യോഗപ്പേര് :

സ്ഥലം :

തീയതി :

ഫാറം-2

[ചട്ടം 3(6) കാണുക]

**2017-ലെ മലയാള ഭാഷാപഠന ആക്റ്റനുസരിച്ച് സ്കൂളുകളിൽ റവന്യൂ ജില്ലാടിസ്ഥാനത്തിൽ നടത്തിയ പരിശോധനാ റിപ്പോർട്ട്—ചുരുക്കം**

വിദ്യാഭ്യാസ വർഷം :

വിദ്യാഭ്യാസ ഉപജില്ല :

വിദ്യാഭ്യാസ ജില്ല :

| സ്കൂൾ വിഭാഗം | ഉപജില്ലയിലെ ആകെ സ്കൂളുകൾ | പരിശോധിച്ച സ്കൂളുകളുടെ എണ്ണം | ആക്റ്റ് കൃത്യമായി നടപ്പിലാക്കുന്ന സ്കൂളുകളുടെ എണ്ണം | ആക്റ്റിന്റെ ലംഘനം നടന്നതായി കണ്ടെത്തിയ സ്കൂളുകളുടെ എണ്ണം | ആക്റ്റിന്റെ ലംഘനം നടന്നതായി കണ്ടെത്തിയ ഓരോ സ്കൂളിന്റെയും വിവരം | ഏത് വകുപ്പാണ് ലംഘിച്ചത് എന്ന വിവരം | നടപടി ശുപാർശ |
|---|---|---|---|---|---|---|---|
| എൽ.പി. | | | | | | | |
| യു.പി. | | | | | | | |
| ഹൈസ്കൂൾ | | | | | | | |

ഒപ്പ് :

പേര് :

ഉദ്യോഗപ്പേര് :

സ്ഥലം :

തീയതി :

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എ. ഷാജഹാൻ,
*സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2017-ലെ മലയാള ഭാഷാപഠന ആക്റ്റിന്റെ (2017-ലെ 8) 6-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട് പ്രസ്തുത ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.